# മധുരമായ കുട്ടികളേ – എപ്പോൾ നിങ്ങൾ പൂക്കളായി മാറുന്നുവോ അപ്പോൾ ഈ ഭാരതം മുൾക്കാടിൽ നിന്നും സമ്പൂർണ്ണമായും പൂന്തോട്ടമായി മാറും, നിങ്ങളെ പൂക്കളാക്കി മാറ്റുവാൻ ബാബ വന്നിരിക്കുകയാണ്.

**ചോദ്യം:–** ക്ഷേത്രത്തിന് യോഗ്യരായി മാറുന്നതിനായി ഏതെല്ലാം കാര്യങ്ങളിലാണ് വിശേഷമായും ശ്രദ്ധ നൽകേണ്ടത്?
**ഉത്തരം:–** ക്ഷേത്രത്തിന് യോഗ്യരായി മാറണമെങ്കിൽ പെരുമാറ്റത്തിൽ വിശേഷ ശ്രദ്ധ നൽകൂ– പെരുമാറ്റം വളരെ മധുരവും രാജകീയവുമായിരിക്കണം. ഇത്രയും മധുരമായിരിക്കണം മറ്റുള്ളവർക്ക് അതിന്റെ അനുഭവം ചെയ്യാൻ സാധിക്കണം. അനേകർക്ക് ബാബയുടെ പരിചയം നൽകൂ. തന്റെ മംഗളം ചെയ്യുന്നതിനായി നല്ലരീതിയിൽ പുരുഷാർത്ഥം ചെയ്ത് സേവനത്തിൽ മുഴുകൂ.

**ഗീതം:–** ലോകം ഇളകി മറിഞ്ഞാലും ഞങ്ങൾ വ്യതിചലിക്കില്ല....

**ഓം ശാന്തി.** ആത്മീയ കുട്ടികൾക്ക് അറിയാം ബാബ ബ്രഹ്മാവിലൂടെ മനസ്സിലാക്കിത്തരികയാണ്. ബ്രഹ്മാവിന്റെ രഥത്തിലൂടെ തന്നെയാണ് മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നത്. നമ്മൾ ഈ പ്രതിജ്ഞ ചെയ്യുന്നു അതായത് നമ്മൾ ശ്രീമതത്തിലൂടെ ഈ ഭാരതഭൂമിയെ പതിതത്തിൽ നിന്നും പാവനമാക്കി മാറ്റും. പ്രധാനമായും ഭാരതവും ഒപ്പം മുഴുവൻ ലോകവും, എല്ലാവർക്കും നമ്മൾ പതിതത്തിൽ നിന്നും പാവനമായി മാറുന്നതിനുള്ള വഴി പറഞ്ഞുകൊടുക്കുന്നു. ഇത്രയും കാര്യങ്ങൾ എല്ലാവരും തന്റെ ബുദ്ധിയിൽ വെക്കണം. ബാബ പറയുന്നു ഡ്രാമ അനുസരിച്ച് എപ്പോൾ നിങ്ങൾ പുഷ്പമായി മാറുന്നുവോ, പിന്നെ എപ്പോൾ സമയം ആവുന്നുവോ അപ്പോൾ ഇവിടം സമ്പൂർണ്ണമായും പൂന്തോട്ടമായി മാറും. ഉദ്യാനനാഥനെന്ന് നിരാകാരനെയാണ് പറയുന്നത്, ഉദ്യാനപാലകനെന്നും നിരാകാരനെയാണ് പറയുന്നത് അല്ലാതെ സാകാരനെയല്ല. ഉദ്യാനപാലകൻ ആത്മാവാണ് അല്ലാതെ ശരീരമല്ല. ഉദ്യാനനാഥനും ആത്മാവാണ്. ബാബ മനസ്സിലാക്കിത്തരുന്നത് തീർച്ചയായും ശരീരത്തിലൂടെയാകില്ലേ. ശരീരത്തോടൊപ്പമാണ് ബാബയെ പൂന്തോട്ടക്കാരൻ, സൂക്ഷിപ്പുകാരൻ എന്നെല്ലാം പറയുന്നത്, ബാബ ഈ വിശ്വത്തെ പൂക്കളുടെ തോട്ടമാക്കി മാറ്റുന്നു. പൂന്തോട്ടമുണ്ടായിരുന്നു അവിടെ ദേവതകളാണ് വസിച്ചിരുന്നത്. അവിടെ ഒരു ദുഃഖവും ഉണ്ടായിരുന്നില്ല. ഇവിടെ ഈ മുള്ളുകളുടെ കാട്ടിൽ ദുഃഖമാണുള്ളത്, രാവണ രാജ്യമാണ്, മുള്ളുകളുടെ കാടാണ്. പെട്ടെന്ന് ആരും പൂവായി മാറില്ല. ദേവതകളുടെ മുന്നിൽ ചെന്ന് പാടുന്നുമുണ്ട്, ഞങ്ങൾ ജന്മ ജന്മാന്തരങ്ങളിലെ പാപിയാണ്, അജാമിലനാണ്. ഇപ്പോൾ വന്ന് ഞങ്ങളെ പുണ്യാത്മാവാക്കി മാറ്റൂ എന്നാണ് പ്രാർത്ഥിക്കുന്നത്. ഇപ്പോൾ നമ്മൾ പാപാത്മാക്കളാണ് എന്ന് മനസ്സിലാക്കുന്നുണ്ട്. ഒരു സമയത്ത് പുണ്യാത്മാവായിരുന്നു. ഇപ്പോൾ ഈ ലോകത്തിൽ പുണ്യാത്മാക്കളുടെ ചിത്രം മാത്രമേയുള്ളൂ. രാജധാനിയിലെ തലവന്മാരുടെ ചിത്രമുണ്ട്, അവരെ ഇങ്ങനെയാക്കി മാറ്റിയത് നിരാകാരനായ ശിവനാണ്. ആ ചിത്രവുമുണ്ട്, അത്രയേയുള്ളൂ. മറ്റാരുടേയും ചിത്രമില്ല. ഇതിലും ശിവന്റെ ലിംഗം വളരെ വലുതായി ഉണ്ടാക്കുന്നു. ആത്മാവ് നക്ഷത്രസമാനമാണ് എന്ന് പറയുന്നുമുണ്ട്, എങ്കിൽ തീർച്ചയായും അച്ഛനും അതുപോലെത്തന്നെയായിരിക്കില്ലേ. എന്നാൽ പിതാവിനെ പൂർണ്ണമായും തിരിച്ചറിഞ്ഞിട്ടില്ല. ഈ ലക്ഷ്മീ നാരായണന്മാരുടെ രാജ്യം മുഴുവൻ വിശ്വത്തിലും ഉണ്ടായിരുന്നു. ഇവരെക്കുറിച്ച് ഗ്ലാനിയായി എവിടെയും ഒന്നും എഴുതിയിട്ടില്ല. എന്നാൽ കൃഷ്ണനെ ഇടക്ക് ദ്വാപരത്തിലും ചിലപ്പോൾ വേറെ എവിടെയെങ്കിലും കൊണ്ടുപോകും. ലക്ഷ്മീ നാരായണനെക്കുറിച്ച് എല്ലാവരും പറയും ഇവർ സ്വർഗ്ഗത്തിലെ അധികാരികളായിരുന്നു. ഇതാണ് നിങ്ങളുടെ പ്രധാന ലക്ഷ്യം. രാധയും കൃഷ്ണനും ആരാണ്– പാവം മനുഷ്യർ തീർത്തും കുഴപ്പത്തിലാണ്, ഒന്നും മനസ്സിലാക്കുന്നില്ല. ബാബയിലൂടെ ആരാണോ മനസ്സിലാക്കുന്നത്, അവർ മനസ്സിലാക്കിക്കൊടുക്കുന്നതിനും യോഗ്യരായി മാറും. ഇല്ലെങ്കിൽ യോഗ്യരാകാൻ സാധിക്കില്ല. എത്ര തന്നെ മനസ്സിലാക്കിക്കൊടുത്താലും ശരി ദൈവീകഗുണങ്ങൾ ധാരണ ചെയ്യാൻ സാധിക്കില്ല. പക്ഷേ ഡ്രാമ അനുസരിച്ച് ഇങ്ങനെ സംഭവിക്കുകതന്നെ വേണം. നിങ്ങൾ കുട്ടികൾ ഇപ്പോൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ എല്ലാ കുട്ടികളും ബാബയുടെ ശ്രീമതമനുസരിച്ച് തന്റെ ശരീരം മനസ്സ് ധനം എന്നിവ ഉപയോഗിച്ച് ഭാരതത്തിന്റെ ആത്മീയ സേവനം ചെയ്യുകയാണ്. പ്രദർശിനിയിലും മ്യൂസിയത്തിലും ചോദിക്കുന്നു നിങ്ങൾ ഭാരതത്തിന്റെ എന്ത് സേവനമാണ് ചെയ്യുന്നത്? നിങ്ങൾക്കറിയാം നമ്മൾ ഭാരതത്തിന്റെ വളരെ നല്ല സേവനം ചെയ്യുകയാണ്, മുൾക്കാടിൽ നിന്നും പൂന്തോട്ടമാക്കി മാറ്റുന്നു. സത്യയുഗം പൂന്തോട്ടമാണ്. ഇത് മുൾക്കാടാണ്. പരസ്പരം ദുഃഖം നൽകിക്കൊണ്ടിരിക്കുന്നു. ഇത് നിങ്ങൾക്ക് വളരെ നല്ലരീതിയിൽ മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. ലക്ഷ്മീ നാരായണന്റെ ചിത്രവും വളരെ നല്ലത് ഉണ്ടാക്കണം. ക്ഷേത്രങ്ങളിൽ

വളരെ ഭംഗിയുള്ള ചിത്രങ്ങളാണ് നിർമ്മിക്കുന്നത്. ചിലയിടത്ത് കറുത്തതായും ചിലയിടത്ത് വെളുത്ത തായും ഉണ്ടാക്കുന്നു, അതിന്റെ രഹസ്യം എന്താണെന്ന് മനസ്സിലാക്കുന്നില്ല. നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ ഈ മുഴുവൻ ജ്ഞാനവും ഉണ്ട്. ബാബ പറയുന്നു ഞാൻ വന്ന് എല്ലാവരേയും ക്ഷേത്രത്തിന് യോഗ്യ രാക്കി മാറ്റുന്നു, എന്നാൽ എല്ലാവരും ക്ഷേത്രത്തിൽ ഇരിക്കാൻ യോഗ്യരായി മാറുന്നില്ല. പ്രജകളെ ക്ഷേത്ര ത്തിന് യോഗ്യർ എന്ന് പറയില്ലല്ലോ. ആരാണോ പുരുഷാർത്ഥം ചെയ്ത് വളരെയധികം സേവനം ചെയ്യു ന്നത് അവർക്കേ പ്രജകളുണ്ടാകൂ.

നിങ്ങൾ കുട്ടികൾക്ക് ആത്മീയ സാമൂഹിക സേവനവും ചെയ്യണം, ഈ സേവനത്തിൽ തന്റെ ജീവിതത്തെ സഫലമാക്കണം. പെരുമാറ്റവും വളരെ മധുരവും മനോഹരവുമായിരിക്കണം, മറ്റുള്ളവർക്കും മധുരമായി മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കണം. സ്വയം തന്നെ മുള്ളാണെങ്കിൽ എങ്ങനെ ആരെയെങ്കിലും പുഷ്പ മാക്കാൻ സാധിക്കും, അവരിൽ അമ്പ് പൂർണ്ണമായും തറക്കുകയില്ല. ബാബയെ ഓർമ്മിക്കുന്നില്ലായെങ്കിൽ എങ്ങനെ അമ്പ് ലക്ഷ്യത്തിലെത്തും. തന്റെ മംഗളത്തിനായി നല്ല രീതിയിൽ പുരുഷാർത്ഥം ചെയ്ത് സേവ നത്തിൽ മുഴുകണം. ബാബയും സേവനത്തിലല്ലേ. നിങ്ങൾ കുട്ടികളും രാവും പകലും സേവനത്തിൽ മുഴു കൂ.

രണ്ടാമത്തെ കാര്യം മനസ്സിലാക്കിത്തരികയാണ്, ശിവജയന്തി സമയത്ത് ഒരുപാട് ടെലഗ്രാമുകൾ അയ ക്കാറുണ്ട്, അതിലും ഇങ്ങനെയുള്ള കാര്യങ്ങൾ എഴുതണം അത് ആരെക്കാണിച്ചാലും അവർക്ക് മനസ്സി ലാകണം. മുന്നോട്ട് പോകാൻ എന്ത് ചെയ്യണം, അതിനുള്ള പുരുഷാർത്ഥമാണ് ചെയ്യേണ്ടത്. ഒരുപാടു പേർക്ക് ബാബയുടെ പരിചയം ലഭിക്കുന്ന തരത്തിൽ എന്തെല്ലാം സേവനം ചെയ്യാം എന്നതിൽ സെമിനാ റുകളും നടത്തണം. ടെലഗ്രാമുകൾ ഒരുപാടുണ്ട്, അതുകൊണ്ട് ഒരുപാട് പ്രയോജനമുണ്ട്. ശിവബാബ കെയർ ഓഫ് ബ്രഹ്മാവ് എന്ന് അഡ്രസ്സ് വെക്കുന്നു. പ്രജാപിതാ ബ്രഹ്മാവുമുണ്ട്, ഒരു ആത്മീയ പിതാവുമുണ്ട് ഒരു ഭൗതീക പിതാവുമുണ്ട്. അവരിലൂടെ ഭൗതീക രചനയുണ്ടാകുന്നു. ബാബ മനുഷ്യസൃഷ്ടിയുടെ രച യിതാവാണ്. എങ്ങനെയാണ് രചന രചിക്കുന്നത്, ഇത് ലോകത്തിലെ ആർക്കും അറിയില്ല. ബാബ ബ്രഹ്മാ വിലൂടെ ഇപ്പോൾ പുതിയ രചന രചിക്കുകയാണ്. ബ്രാഹ്മണർ ഉന്നതരാണ്. ആദ്യമാദ്യം ബ്രാഹ്മണർ തീർച്ചയായും വേണം. വിരാടരൂപത്തിലെ കുടുമയാണ് ഇവർ. ബ്രാഹ്മണൻ, ദേവത, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ. ആദ്യം ശൂദ്രനാവുക സാധ്യമല്ല. ബാബ ബ്രഹ്മാവിലൂടെ ബ്രാഹ്മണരെ രചിക്കുന്നു. ശൂദ്രനെ എങ്ങനെ, ആരിലൂടെ രചിക്കും?

നിങ്ങൾ കുട്ടികൾക്ക് അറിയാം എങ്ങനെയാണ് പുതിയ രചന രചിക്കുന്നത്, ഇത് ബാബയുടെ ദത്തെടുക്കലാ ണ്. കൽപ കൽപം ബാബ വന്ന് ശൂദ്രനിൽ നിന്നും ബ്രാഹ്മണനായും പിന്നീട് ബ്രാഹ്മണനിൽ നിന്നും ദേവ തയാക്കിയും മാറ്റുന്നു. ബ്രാഹ്മണരുടെ സേവനം വളരെ ശ്രേഷ്ഠമാണ്. ലോകത്തിലുള്ള ബ്രാഹ്മണർ സ്വയം പവിത്രമല്ലെങ്കിൽ പിന്നെങ്ങനെ മറ്റുള്ളവരെ പവിത്രമാക്കി മാറ്റും. ഒരു ബ്രാഹ്മണനും സന്യാസിക്ക് രാഖി അണിയിക്കില്ല. അവർ പറയും ഞങ്ങൾ പവിത്രം തന്നെയാണ്. നിങ്ങൾ നിങ്ങളുടെ മുഖം നോക്കൂ. നിങ്ങൾ കുട്ടികൾക്കും ആരെക്കൊണ്ടും രാഖി കെട്ടിക്കാൻ സാധിക്കില്ല. ലോകത്തിലാണെങ്കിൽ എല്ലാ വരും പരസ്പരം രാഖി അണിയിക്കുന്നു. സഹോദരി സഹോദരനെ അണിയിക്കുന്നു, ഈ ആചാരം ഇപ്പോഴാണ് ഉണ്ടായത്. ഇപ്പോൾ നിങ്ങൾ ശൂദ്രനിൽ നിന്നും ബ്രാഹ്മണനായി മാറുന്നതിനായി പുരുഷാർത്ഥം ചെയ്യുന്നു. മനസ്സിലാക്കിക്കൊടുക്കേണ്ടിവരുന്നു. പതി–പത്നി രണ്ടുപേരും പവിത്രതയുടെ പ്രതിജ്ഞ ചെയ്യു ന്നു, ഞങ്ങൾ എങ്ങനെയാണ് ബാബയുടെ ശ്രീമതം അനുസരിച്ച് പവിത്രമായി ഇരിക്കുന്നത് എന്ന് രണ്ടു പേർക്കും പറയാൻ സാധിക്കും. അന്തിമം വരെ ഈ കാമവികാരത്തെ ജയിച്ചാൽ പവിത്ര ലോകത്തിന്റെ അധികാരിയായി മാറും. പവിത്രമായ ലോകം എന്ന് സത്യയുഗത്തെയാണ് പറയുന്നത്, അതിന്റെ സ്ഥാപ നയാണ് ഇപ്പോൾ നടക്കുന്നത്. നിങ്ങൾ എല്ലാവരും പവിത്രമാണ്. വികാരത്തിലേക്ക് വീഴുന്നവർക്ക് രാഖി അണിയിച്ചുകൊടുക്കാൻ നിങ്ങൾക്ക് സാധിക്കും. പ്രതിജ്ഞ ചെയ്ത് പിന്നീട് വികാരത്തിലേക്ക് പോവുക യാണെങ്കിൽ പറയും നിങ്ങൾ രാഖി അണിയിക്കാൻ വന്നതല്ലേ പിന്നീട് എന്തുണ്ടായി? പറയും മായയോട് തോൽവി സമ്മതിച്ചു, ഇത് യുദ്ധത്തിന്റെ മൈതാനമാണ്. വികാരം വളരെ വലിയ ശത്രുവാണ്. ഇതിനു മേൽ വിജയം നേടുന്നതിലൂടെയേ ജഗത്ജീത്ത് അർത്ഥം രാജാ– റാണിയായി മാറൂ, പ്രജകളെ ജഗത്ജീത്ത് എന്ന് പറയില്ല. പരിശ്രമിക്കുന്നത് രാജാവും റാണിയുമല്ലേ. ഞങ്ങൾ ലക്ഷ്മീ നാരായണനായി മാറും എന്നല്ലേ പറയാറ്. അവർ പിന്നീട് രാമനും സീതയായും മാറും. ലക്ഷ്മീ നാരായണനു ശേഷം അവരുടെ സിംഹാ സനത്തിൽ അവരുടെ മക്കളായിരിക്കും ഇരിക്കുക. ആ ലക്ഷ്മീ നാരായണന്മാർ പിന്നീട് അടുത്ത ജന്മ ത്തിൽ താഴേക്ക് വരും. ഭിന്നഭിന്ന നാമ രൂപത്തിൽ കുട്ടികൾക്ക് സിംഹാസനം പ്രാപ്തമാകുമ്പോൾ അവർ ഉയർന്ന നമ്പറിൽ എണ്ണപ്പെടും. പുനർജന്മം എടുക്കുക തന്നെ വേണമല്ലോ. അതിനാൽ കുട്ടികൾക്ക് ഇപ്പോൾ

ഇത്രയും ഉയർന്നതായി മാറണം എങ്കിൽ സേവനത്തിൽ മുഴുകണം. പവിത്രമാവേണ്ടതും വളരെ അത്യാവശ്യമാണ്. ബാബ പറയുന്നു ഞാൻ പവിത്രമായ ലോകമാണ് നിർമ്മിക്കുന്നത്. നന്നായി പുരുഷാർത്ഥം ചെയ്യുന്നത് കുറച്ചുപേരാണ്, എന്നാൽ പവിത്രമായി മാറുന്നത് മുഴുവൻ ലോകവുമാണ്. നിങ്ങൾക്കായി സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നു. ഇത് ഡ്രാമയനുസരിച്ച് സംഭവിക്കുകതന്നെ വേണം, ഈ കളി മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ളതാണ്. നിങ്ങൾ പവിത്രമായി മാറിയാൽ പിന്നെ വിനാശം ആരംഭിക്കും. സത്യയുഗത്തിന്റെ സ്ഥാപനയുണ്ടാകും. ഡ്രാമയെ നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും. സത്യയുഗത്തിൽ ദേവതകളുടെ രാജ്യമാണ് ഉണ്ടായിരുന്നത്. ഇപ്പോഴില്ല, വീണ്ടും ഉണ്ടാകണം.

നിങ്ങൾ ആത്മീയ മിലിട്ടറിയാണ്. നിങ്ങൾ 5 വികാരങ്ങൾക്കുമേൽ വിജയം നേടുന്നതിലൂടെ ജഗത്ജീത്തായി മാറുന്നു. ജന്മ ജന്മാന്തരങ്ങളിലെ പാപം നശിക്കുന്നതിനായി ബാബ യുക്തികൾ പറഞ്ഞുതരുന്നു. ബാബ ഒരേയൊരു തവണയാണ് വന്ന് യുക്തികൾ പറഞ്ഞുതരുന്നത്. ഏതുവരെ രാജധാനി സ്ഥാപിതമാകുന്നില്ലയോ അതുവരെ വിനാശം സംഭവിക്കുകയില്ല. നിങ്ങൾ വളരെ ഗുപ്തമായ പടയാളികളാണ്. സത്യയുഗം കലിയുഗത്തിന് ശേഷമാണ് വരേണ്ടത്. പിന്നീട് സത്യയുഗത്തിൽ ഒരിക്കലും യുദ്ധം ഉണ്ടാവുകയില്ല. നിങ്ങൾ കുട്ടികൾക്ക് അറിയാം സർവ്വാത്മാക്കളും എന്തെല്ലാം പാർട്ട് അഭിനയിക്കുന്നുവോ അതെല്ലാം അടങ്ങിയിട്ടുള്ളതുതന്നെയാണ്. എങ്ങനെയാണോ പാവക്കൂത്ത്, അതുപോലെ കളിച്ചുകൊണ്ടിരിക്കുന്നു. ഇതും ഡ്രാമയാണ്, ഓരോരുത്തർക്കും ഇതിൽ പാർട്ടുണ്ട്. പാർട്ട് അഭിനയിച്ചഭിനയിച്ച് നിങ്ങൾ തമോപ്രധാനമായി മാറി. വീണ്ടും ബാബ മുകളിലേക്ക് കൊണ്ടുപോകുന്നു. വാസ്തവത്തിൽ മീനുകൾ ആ ചൂണ്ടയിൽ കുടുങ്ങുന്നു, ഈ ചൂണ്ടയിൽ മനുഷ്യരെയാണ് കോർക്കേണ്ടത്. അങ്ങനെ താഴേക്ക് ഇറങ്ങുന്നകല പിന്നീട് കയറുന്ന കലയാവുന്നു. നിങ്ങളും ഇതുപോലെ കയറുന്നു പിന്നീട് ഇറങ്ങി വന്ന് ഇറങ്ങി വന്ന് താഴെയെത്തുന്നു.മുകളിൽ ചെന്ന് പിന്നീട് താഴേക്കിറങ്ങാൻ 5000 വർമെടുക്കുന്നു. ഈ 84 ന്റെ ചക്രം നിങ്ങളുടെ ബുദ്ധിയിലുണ്ട്. ഇറങ്ങുന്ന കലയുടേയും കയറുന്ന കലയുടേയും രഹസ്യം ബാബ തന്നെയാണ് മനസ്സിലാക്കിത്തന്നത്. നിങ്ങളും നമ്പർവൈസായാണ് അറിയുന്നത് പിന്നീട് പുരുഷാർത്ഥം ചെയ്യുന്നു, ആരാണോ ബാബയെ ഓർമ്മിക്കുന്നത് അവർ വേഗം മുകളിലേക്ക് പോകും. ഇത് പ്രവൃത്തി മാർഗ്ഗമാണ്. ഓട്ടമത്സരത്തിൽ ജോഡികളെ ഓടിക്കുമ്പോൾ ഓരോ കാലുവീതം കെട്ടിയിട്ടാണല്ലോ ഓടിക്കുന്നത്. ഇതും നിങ്ങളുടെ ഓട്ടമത്സരമാണ്. ആർക്കെങ്കിലും പ്രാക്ടീസ് കുറവാണെങ്കിൽ വീണുപോകും, ഇതിലും അതുപോലെയാണ് സംഭവിക്കുന്നത്. ഒരാൾ മുന്നോട്ട് പോകുമ്പോൾ അടുത്തയാൾ തടസ്സമാകും, ചിലപ്പോൾ രണ്ടുപേരും വീണുപോകും. ബാബ അത്ഭുതപ്പെടുന്നു– വൃദ്ധരെയും കാമത്തിന്റെ അഗ്നി ബാധിക്കുമ്പോൾ വീണുപോകുന്നു. അവരാണ് വീഴ്ത്തിയത് എന്നാണോ. വീഴുന്നതും വീഴാതിരിക്കുന്നതും തന്റെ കയ്യിലാണ്. ആരെങ്കിലും തള്ളിവിട്ടാൽ, ഞാൻ എന്തിന് വീഴണം? എന്തുതന്നെ സംഭവിച്ചാലും ഞാൻ വീഴുകയില്ല. വീണാൽ അന്നം മുട്ടും, ശക്തമായ ചാട്ടയടി കൊള്ളേണ്ടതായി വരും. പിന്നീട് പശ്ചാത്തപിക്കുന്നു, എല്ലാ എല്ലുകളും നുറുങ്ങുന്നു. വളരെയധികം പരിക്ക് പറ്റുന്നു. ബാബ ഭിന്ന ഭിന്ന പ്രകാരങ്ങളിൽ മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നു.

ഇതും മനസ്സിലാക്കിത്തന്നിട്ടുണ്ട് ശിവജയന്തിയിൽ എല്ലാവർക്കും മനസ്സിലാകുന്ന തരത്തിലുള്ള ടെലഗ്രാമുകൾ വരണം. വിചാരസാഗരമഥനം ചെയ്യുന്നതിനായി ബാബ സമയം നൽകുന്നു. ആര് കണ്ടാലും അത്ഭുതപ്പെടണം. എത്ര കത്തുകളാണ് വരുന്നത്, എല്ലാവരും ബാപ്ദാദാ എന്ന് എഴുതുന്നു. നിങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും ശിവബാബയെ അച്ഛനെന്നും ബ്രഹ്മാവിനെ ജേഷ്ഠനെന്നും വിളിക്കുന്നു. ഒരാളെ എപ്പോഴെങ്കിലും ബാപ്ദാദാ എന്ന് വിളിക്കുമോ? ഇത് അത്ഭുതകരമായ കാര്യമാണ്, ഇതിൽ സത്യം സത്യമായ ജ്ഞാനമുണ്ട്. എന്നാൽ ഓർമ്മയിൽ ഇരിക്കണം അപ്പോഴേ ആർക്കെങ്കിലും അമ്പ് ഏൽക്കുകയുള്ളു. അടിക്കടി ദേഹാഭിമാനത്തിലേക്ക് വരുന്നു. ബാബ പറയുന്നു ആത്മാഭിമാനിയായി മാറൂ. ആത്മാവുതന്നെയാണ് ശരീരം ധാരണ ചെയ്ത് പാർട്ട് അഭിനയിക്കുന്നത്. ആരെങ്കിലും മരിക്കുകയാണെങ്കിലും വിഷമിക്കേണ്ടതില്ല. ആത്മാവിൽ എന്ത് പാർട്ടാണോ അടങ്ങിയിരിക്കുന്നത് അതിനെയാണ് നമ്മൾ സാക്ഷിയായി കാണുന്നത്. അതിന് ഒരു ശരീരം ഉപേക്ഷിച്ച് അടുത്തത് എടുത്ത് പാർട്ട് അഭിനയിക്കണം. ഇതിൽ നമുക്കെന്തുചെയ്യാൻ കഴിയും? ഈ ജ്ഞാനവും നിങ്ങളുടെ ബുദ്ധിയിലുണ്ട്. അതും നമ്പർവൈസാണ്. ചിലരുടെ ബുദ്ധിയിലാണെങ്കിൽ ഇരിക്കുന്നതേയില്ല. അതിനാൽ ആർക്കും മനസ്സിലാക്കിക്കൊടുക്കാനും സാധിക്കില്ല. ആത്മാവ് തീർത്തും ചൂടുള്ള തവയായിരിക്കുന്നു, തമോപ്രധാനവും പതിതവുമാണ്. അതിൽ ജ്ഞാനാമൃതം പകരുമ്പോൾ അത് നിലനിൽക്കുന്നില്ല. ആരാണോ വളരെ അധികം ഭക്തി ചെയ്തിട്ടുള്ളത്, അവർക്കേ മനസ്സിലാകൂ, പെട്ടെന്ന് ധാരണയുണ്ടാകും. കണക്കുതന്നെ അത്ഭുതമാണ്– ആദ്യ നമ്പറിൽ പാവനമായവർ തന്നെയാണ് പിന്നീട് പതിതമായി മാറുന്നത്. ഇതുപോലും എത്ര വലിയ മനസ്സിലാക്കേണ്ട കാര്യമാണ്. ആരുടെ ഭാഗ്യത്തിലില്ലയോ അവർ പഠിപ്പ് ഉപേക്ഷിക്കുന്നു. അഥവാ

ചെറുപ്പം മുതലേ ജ്ഞാനത്തിൽ മുഴുകുകയാണെങ്കിൽ വളരെ നല്ല ധാരണയുണ്ടാകും. മനസ്സിലാക്കാം ഇവർ വളരെയധികം ഭക്തി ചെയ്തിട്ടുണ്ട്, വളരെ സമർത്ഥനാവും, എന്തുകൊണ്ടെന്നാൽ ശരീരം വലുതാകുന്നതനുസരിച്ച് വിവേകവും വർദ്ധിക്കും. ഭൗതികം, ആത്മീയം രണ്ടിലും ശ്രദ്ധ നൽകുന്നതിനാൽ പിന്നീട് ലോകത്തിന്റെ ആ പ്രഭാവം ഇല്ലാതാകുന്നു. ഇത് ഈശ്വരീയ പഠിപ്പാണ്. വ്യത്യാസമുണ്ടാകുമല്ലോ. എന്നാൽ ആ ലഹരിയും വരേണ്ടതുണ്ടല്ലോ. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:-

1) ആത്മീയ മിലിറ്ററിയായി മാറി 5 വികാരങ്ങളുടെമേൽ വിജയം നേടണം, പവിത്രമായി തീർച്ചയായും മാറണം. ശ്രീമതം അനുസരിച്ച് ഭാരതത്തെ പാവനമാക്കി മാറ്റുന്നതിനുള്ള സേവനം ചെയ്യണം.

2) ഈ പരിധിയില്ലാത്ത ഡ്രാമയിൽ എല്ലാ പാർട്ടും ആത്മാഭിമാനിയായി അഭിനയിക്കണം, ഒരിക്കലും ദേഹാഭിമാനത്തിലേക്ക് വരരുത്. സാക്ഷിയായി ഓരോ അഭിനേതാവിന്റേയും പാർട്ടിനെ കാണണം.

## വരദാനം- സദാ സന്തോഷത്തിന്റെയും ആനന്ദത്തിന്റേയും സ്ഥിതിയിൽ ഇരിക്കുന്ന കമ്പൈൻഡ് സ്വരൂപത്തിന്റെ അനുഭവിയായി ഭവിക്കട്ടെ.

ബാപ്ദാദ സദാ കുട്ടികളോട് പറയുന്നുണ്ട് കുട്ടികളേ എപ്പോഴും ബാബയുടെ കൈ പിടിച്ച് നടക്കൂ ഒറ്റക്ക് നടക്കരുത്.ഒറ്റക്ക് നടക്കുമ്പോൾചിലപ്പോൾ ബോറടിക്കും,പലരും ശ്രദ്ധിക്കും.ബാബയോടൊപ്പം കമ്പൈൻഡ് ആയി ഇരിക്കുന്ന സ്വരൂപത്തിന്റെ അനുഭവം ചെയ്തുകൊണ്ടിരിക്കുകയാണെങ്കിൽ മായയുടെ കണ്ണിൽ പെടില്ല.മാത്രമല്ല കൂട്ടുണ്ട് എന്ന അനുഭവം ഉള്ളതുകാരണം അതിയായ സന്തോഷവും ഉണ്ടാകും.എപ്പോഴും ആനന്ദത്തിലിരിക്കും.ചതി,ദുഃഖം എന്നിവ നൽകുന്ന സംബന്ധങ്ങളിൽ കുടുങ്ങുന്നതിൽ നിന്നും രക്ഷ നേടാനുമാകും.

## സ്ലോഗൻ- യോഗത്തിന്റെ രൂപത്തിലുള്ള കവചം ധരിക്കുകയാണെങ്കിൽ മായയുടെ രൂപത്തിൽ വരുന്ന ശത്രുക്കളുടെ ആക്രമണമുണ്ടാകില്ല.

**അവ്യക്തസൂചന-ഇപ്പോൾ സ്നേഹത്തിന്റെ ശക്തിയെ ജ്വലിപ്പിച്ച് യോഗത്തെ ജ്വാലാരൂപമാക്കി മാറ്റൂ.**
എങ്ങിനെയാണോ ദുഃഖിതരായ ആത്മാക്കളുടെ മനസ്സിൽനിന്നും ഇനി വിനാശം ഉണ്ടാകട്ടെ എന്ന ശബ്ദം വരാൻ തുടങ്ങിയത് അതുപോലെതന്നെ താങ്കൾ വിശ്വമംഗളകാരി ആത്മാക്കളുടെ മനസ്സിലും ഇനി എത്രയും വേഗം എല്ലാവരുടേയും മംഗളം ഉണ്ടാകണം അപ്പോഴേ സമാപ്തി ഉണ്ടാവുകയുള്ളൂ എന്ന സങ്കൽപം ഉണ്ടാകണം.വിനാശകാരികൾക്ക് മംഗളകാരി ആത്മാക്കളുടെ സങ്കൽപത്തിന്റെ സൂചന ലഭിക്കണം അതിനാൽ തന്റെ എവർറെഡി ആകുന്നതിനുള്ള പവർഫുൾ സങ്കൽപത്തിലൂടെയും ജ്വാലാരൂപയോഗത്തിലൂടെയും വിനാശത്തിന്റെ ജ്വാലയെ തീവ്രമാക്കണം.